വേതനം നൽകുന്നതും അതാത് ഏജൻസികളാണ്. നിലവിലുള്ള കരാർ അനുസരിച്ച് 8 മണിക്കൂർ ഡ്യൂട്ടിയുടെ ഒരു യൂണിറ്റ് ഗാർഡിന് പ്രതിമാസം 850 രൂപയും 6 ഡ്യൂട്ടിക്ക് ഒരു ഓഫ് ഡ്യൂട്ടി ചാർജ്ജും നൽകി വരുന്നുണ്ട്. സെക്യൂരിറ്റി സൂപ്പർവൈസർമാർക്കുവേണ്ടി നൽകുന്നത് 1210 രൂപ നിരക്കിലാണ്. ഈ തുക സെക്യൂരിറ്റി ഏജൻസിയാണ് നൽകുന്നത്.

(ഇ) സെക്യൂരിറ്റി സംവിധാനത്തിനായി കോൺട്രാക്ടർമാർക്ക് 31.3.99 വരെ 1,85,77,179 രൂപ നൽകിയിട്ടുണ്ട്.

(എഫ്) ഇല്ല. എന്നാൽ സർവകലാശാലയിൽ നിലവിലുള്ള സെക്യൂരിറ്റി സംവിധാനം പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്; അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. സർവകലാശാല ഫാമുകളിലും കാമ്പസുകളിലും ജോലിയെടുക്കുന്ന ശാസ്ത്രജ്ഞരും ജീവനക്കാരും തൊഴിലാളികളും പഠിക്കുന്ന വിദ്യാർത്ഥികളും സർവകലാശാലയുടെ വസ്തുവകകൾ സംരക്ഷിക്കാൻ പ്രാഥമികമായി ഉത്തരവാദിത്വപ്പെട്ടവരാണ്. അവരും പ്രാദേശിക പൊതു പ്രവർത്തകരും കഴിവും കാര്യക്ഷമതയുമുള്ള കുറച്ചു സെക്യൂരിറ്റി ഗാർഡുമാരുമടങ്ങുന്ന ചെലവു കുറഞ്ഞ ഒരു സംവിധാനം ഉണ്ടാക്കണമെന്നാണ് സർവകലാശാല ഉദ്ദേശിക്കുന്നത്.

പടന്നക്കാട് കാർഷിക കോളേജിന്റെ പ്രവർത്തനം

151(1980)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജിൽ അനുവദിച്ച മൊത്തം ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ നിലവിൽ എത്ര ജീവനക്കാരുടെ സേവനം ലഭിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ;

(സി) കോളേജിൽ ആവശ്യത്തിന് പ്രൊഫസർമാരില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രൊഫസർമാരെ നിയമിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 64 (അറുപത്തി നാല്)

(ബി) 51 സ്ഥിരം ജീവനക്കാരുടെയും 7 താല്ക്കാലിക ജീവനക്കാരുടെയും സേവനം ലഭ്യമായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

നക്ഷത്ര ചിഹ്നമിടാത്ത 1911, 1941, 1944, 1963, 1970, 1973 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly